**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1718** | **04.12.2018-ൽ മറുപടിയ്ക്ക്** |
|---|---|
| **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത പ്രോട്ടോക്കോൾ** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.എം. സ്വരാജ്** | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടോ ; വിശദാംശം അറിയിക്കുമോ? | എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഹരിത പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ഉത്സവങ്ങൾ, ആഘോഷങ്ങൾ, മതപരമായ ആഘോഷങ്ങൾ, തീർത്ഥാടനങ്ങൾ, വിവാഹങ്ങൾ, സ്കൂൾ കലോൽത്സവങ്ങൾ, കായികമേളകൾ എന്നിവയിൽ ഹരിതചട്ടം പാലിക്കുന്നതിനുള്ള നിർദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ 04.09.2018 –ലെ സ.ഉ(സാധാ)നം.5784/2018/ പൊ.ഭ.വ നമ്പർ ഉത്തരവ്, 04.05.2018–ലെ 176/ഡിസി1/2018/ത.സ്വ.ഭ.വ നമ്പർ സർക്കുലർ, 05.10.2017 –ലെ സ.ഉ(സാധാ)നം.3214/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്, എന്നിവ പ്രകാരം സർക്കാർ സംഘടിപ്പിക്കുന്ന പൊതു പരിപാടികൾ, സർക്കാർ/പൊതുസ്ഥാപനങ്ങൾ, ബഹു.മന്ത്രിമാർ, ബഹു.എം.എൽ.എമാർ, ബഹു.എം.പിമാർ എന്നിവർ പങ്കെടുക്കുന്ന പൊതുപരിപാടികൾ, സമ്മേളനങ്ങൾ, യോഗങ്ങൾ എന്നിവയ്ക്ക് ഗ്രീൻപ്രോട്ടോക്കോൾ ബാധകമാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ